
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org


# Bhakthimargam Praveshika
# ഭക്തിമാർഗ്ഗപ്രവേശിക




| | |
|---|---|
| Call Number | RR-1312/WM |
| Title | Bhakthimargam Praveshika<br>ഭക്തി മാർഗ്ഗ പ്രവേശിക |
| Topic | Bhakthimargam Praveshika<br>ഭക്തി മാർഗ്ഗ പ്രവേശിക |
| Translation of | Intoduction To The Devout Life |
| Author | St. Francis de Sales |
| Publisher/Year | S.H. League Aluva - 1966 |
| Edition | 6th |
| Printed at | Neethiman Press, Choondal |
| Total Pages | 354 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | # BhakthimargamPraveshika#aaramparthippu #introductiontothedevoutlife #stfrancisdesales #neethimapress #choondal #aluva |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA




www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ഭക്തിമാർഗ്ഗപ്രവേശിക

(ആറാം പതിപ്പ്)

*Translation*

of

"INTRODUCTION TO THE DEVOUT LIFE"

BY

**ST. FRANCIS de SALES**

**പരിഭാഷകന്മാർ**

ഫാദർ ജോസഫ് പരിയാരം

,, ജോർജ്ജ് നെടുങ്ങോട്ടിൽ

,, ജോസഫ് മാലിപ്പറമ്പിൽ

(പകർപ്പവകാശം: ''എസ്. എച്ച്. ലീഗി''ന്)

*എസ്. എച്ച്. ലീഗ്*

*ആലുവാ-3*

*1966*

**Printed at the Neethiman Press, Choondal**

(CARMELITE SISTERS)

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

**Nihil obstat:**

FR. MICHAEL ANGEL, O. C. D.
Rector Pontifical Seminary,
Alwaye, 15—3—1966.

**Imprimatur:**

† JOSEPH PAREKATTIL,
Archbishop of Ernakulam,
Ernakulam, 19—3—1966.

ആറാം പതിപ്പ്
കോപ്പി 1000
ഒക്ടോബർ 1984

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ആറാംപതിപ്പിൻെറ ആമുഖം

ഭക്തജീവിതത്തിലേക്കു് പ്രവേശിക്കുന്നവർക്കും ഭക്തജീവിതം നയിക്കുന്നവർക്കും അതീവം ഉപയോഗപ്രദമായ ഒരു വിശിഷ്ട ഗ്രന്ഥമാണു് ''ഭക്തിമാർഗ്ഗ പ്രവേശിക.'' വൈദിക വിദ്യാർത്ഥികൾ, സന്യാസ സഭകളിലേക്കുള്ള അർത്ഥികൾ, അർത്ഥിനികൾ, നവസന്യാസിനീസന്യാസികൾ മുതലായി അർപ്പിത ജീവിതം ആരംഭിച്ചവർക്കു് പ്രത്യേകിച്ചും ഒരു സന്തത സഖിയാണിതു്. ആധ്യാത്മിക ജീവിതത്തിൻെറ പ്രാരംഭദശയിൽ പഠിക്കുകയും അറിയുകയും പരിശീലിക്കുകയും ചെയ്യേണ്ട ഭക്താഭ്യാസങ്ങൾ ഈ പുസ്തകത്തിൽ വളരെ ലളിതമായ രീതിയിൽ പ്രതിപാദിച്ചിട്ടുണ്ടു്. ക്രൈസ്തവമായ ആധ്യാത്മികതയുടെ അമൂല്യ പാഠങ്ങളാണവ.

വിശുദ്ധ ഫ്രാൻസീസ് സാലസിൻെറ പ്രസിദ്ധ കൃതിയായ "Introduction to Devout Life" എന്ന പുസ്തകത്തിൻെറ പരിഭാഷയായ ഈ ''ഭക്തിമാർഗ്ഗ പ്രവേശിക''യുടെ ആദ്യ പതിപ്പു് 1936-ലാണു് പുറത്തിറക്കിയതു്. പ്രചുരമായ പ്രചാരം സിദ്ധിച്ചതിനാൽ ഇതിനോടകം ഈ ഗ്രന്ഥത്തിനു് അഞ്ചു പതിപ്പുകളുണ്ടായിട്ടുണ്ടു്. പല ഭാഗങ്ങളിൽനിന്നായി നിരന്തരം ആവശ്യപ്പെട്ടതനുസരിച്ചാണു് 'ഭക്തിമാർഗ്ഗ പ്രവേശിക'യുടെ ഈ 6-ാംപതിപ്പു ഞങ്ങൾ പ്രസിദ്ധമാക്കുന്നതു്. ഈ പുതിയ പതിപ്പു് ഞങ്ങളുടെ പ്രിയപ്പെട്ട അനുവാചകരുടെ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

*എസ്. എച്ച്. ലീഗ്*
*ആലുവ.*

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ഒന്നാംപതിപ്പിന്റെ പ്രസ്താവന

വി. ഫ്രാൻസിസ് സാലസിന്റെ വിശിഷ്ട കൃതികളിൽ ഒന്നായ ഫിലോത്തയാ (Philothea) അഥവാ "Introduction to the devout life" എന്ന ചെറുപുസ്തകത്തിന്റെ പരിഭാഷയാണ് ഈ "ഭക്തിമാർഗ്ഗപ്രവേശിക." മിക്ക യുറോപ്യൻഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെടുകയും, അത്യധികം പ്രസിദ്ധിയും പ്രചാരവും ലഭിക്കുകയും ചെയ്തിരിക്കുന്ന ഗ്രന്ഥതല്ലജം മലയാളികൾക്കും ഉപകാരപ്രദമാകണമെന്നുള്ള ഉദ്ദേശ്യമാണ്, ഞങ്ങളുടെ നവപൂജാസ്മാരകമായി ഇതുതന്നെ തർജ്ജമ ചെയ്യുന്നതിനു് ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതു്.

ലോകവ്യവഹാരങ്ങളിൽനിന്നു് വിരമിച്ചു്, സുകൃതാഭിവൃദ്ധിക്കായി പരിശ്രമിക്കുന്നവരുടെ ഉപയോഗത്തെ അടിസ്ഥാനമാക്കിയാകുന്ന പല ആധ്യാത്മികഗ്രന്ഥങ്ങളും രചിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ, ഈ പുസ്തകം എല്ലാത്തരക്കാർക്കും ഒന്നുപോലെ ഉപകാരപ്രദമത്രേ. ഭക്തജീവിതം വഴിയായി ദൈവസ്നേഹത്തിൽ ഉൽകർഷം പ്രാപിക്കണമെന്നു് അഭിലഷിക്കുന്ന ആത്മാവിനെ ഉദ്ദേശിച്ചു് ഈ "ഭക്തിമാർഗ്ഗപ്രവേശിക" യെ അഞ്ചായി വിഭജിക്കാം. ഭക്തജീവിതം നയിക്കണമെന്ന ആഗ്രഹമുണ്ടാകുന്ന ആത്മാവു്, മുഴുവൻ കുമ്പസാരം കഴിച്ചു് വി. കർബാന സ്വീകരിച്ചതിന്റെശേഷം തന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു് സമർപ്പിച്ചുകൊണ്ടു് ആ സ്ഥിതിയിൽ സ്ഥിരമായി നിൽക്കുന്നതിനു് പ്രതിജ്ഞ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു്, അതെങ്ങനെ നിർവ്വഹിക്കണം എന്നതിനെ സംബന്ധിച്ചുമാകുന്ന ഒന്നാംഭാഗത്തിൽ വിവരിച്ചിരിക്കുന്നതു്. ആത്മാവു് ദിവ്യമണാളനുമായി ഐക്യപ്പെടുന്നതിനു് ഏററം സഹായിക്കുന്ന വി. കൂദാശകളുടെ സ്വീകരണം, പ്രാർത്ഥന ഇവയെക്കുറിച്ചു രണ്ടാംഭാഗത്തിലും, ഒരു ഭക്താത്മാവു പരിശീലിക്കേണ്ട സുകൃതവ്യാപാരങ്ങളെക്കുറിച്ചു് മൂന്നാംഭാഗത്തിലും പ്രതിപാദിക്കുന്നു. ഭക്തജീവിതവിദ്വേഷിയായ ശത്രുവിന്റെ ചതിപ്രയോഗങ്ങളിൽ ചിലതിനെ സംബന്ധിച്ചും അത്തരം ദുർഘടങ്ങളിൽനിന്നു് വിമോചനം ലഭിക്കുന്നതിനുള്ള

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

മാൎഗ്ഗങ്ങളെക്കുറിച്ചും നാലാംഭാഗത്തിൽ സംക്ഷിപ്തമായി പ്രസ്താവിച്ചിട്ടുണ്ടു്. അനന്തരം, ഭക്തിയിൽ അനുക്രമം അഭിവൃദ്ധിപ്പെടുന്നതിനും, പുരോഗമനം ക്ലേശരഹിതമാക്കുന്നതിനും ഉപകരിക്കുന്ന കാര്യങ്ങളെപ്പററി പറഞ്ഞു് അവസാനിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ ഈ ശ്രമം പൊതുജനങ്ങൾക്കു് ഏതെങ്കിലും വിധം ഉപയോഗപ്രദമാകുന്നെങ്കിൽ ഞങ്ങൾ കൃതാൎത്ഥരായി.

ഈ പുസ്തകം പ്രസിദ്ധമാക്കുന്നതിൽ ഞങ്ങളെ പലരും പലവിധം സഹായിച്ചിട്ടുണ്ടു്. പ്രോത്സാഹനങ്ങൾ നൽകി ഞങ്ങളെ സഹായിച്ച ഞങ്ങളുടെ വന്ദ്യഗുരുഭൂതൻ, ബ. സക്കറിയാസച്ചനോടു് ഞങ്ങൾക്കുള്ള കടപ്പാടു് ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ. പരിഭാഷയിൽ ഞങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി, സ്വന്തം മുദ്രാലയത്തിൽ നിശ്ചിതസമയത്തു് പുസ്തകം ഭംഗിയായി അച്ചടിപ്പിച്ചു തന്ന ഞങ്ങളുടെ വന്ദ്യ പ്രൊഫസർ ഫാദർ മാത്യു വടക്കേൽ അവർകളോടും ഞങ്ങൾക്കുള്ള ഹൃദയംഗമമായ കൃതജ്ഞതയെ സാദരം പ്രകാശിപ്പിച്ചുകൊള്ളുന്നു. പല ജോലികൾക്കിടയിൽ ഞങ്ങളുടെ പരിഭാഷ വായിച്ചു് തെററുതിരുത്തിത്തന്ന, കോളേജ് പ്രൊഫസർ ഉലഹന്നാൻമാപ്പിള എം. ഏ. അവർകളോടു് ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമത്രേ. അവസാനമായി, ഞങ്ങളെ ഏതെങ്കിലുംവിധം സഹായിച്ചിട്ടുള്ള എല്ലാവരേയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നുണ്ടെന്ന വസ്തുത ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് ഞങ്ങളുടെ വിനീതപരിശ്രമഫലവും നവപൂജാസ്മാരകവുമായ ഈ പുസ്തകത്തെ മഹാജനസമക്ഷം പ്രസാധനം ചെയ്തുകൊള്ളുന്നു.

**പരിഭാഷകന്മാർ.**

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# വിഷയാനുക്രമണിക

## ഒന്നാംഭാഗം

ഭക്തജീവിതം നയിക്കണമെന്ന ആഗ്രഹം ഉണ്ടാകുന്നതുമുതൽ, അതാശ്ലേഷിക്കുവാൻ നിശ്ചയിക്കുന്നതുവരെ ആത്മാവിനെ നിയന്ത്രിക്കുന്നതിനു് ഉപയുക്തമായ ഉപദേശങ്ങളും അനുഷ്ഠാനങ്ങളും.


| അദ്ധ്യായം. | | | വശം |
|---|---|---|---|
| ,, | 1. | യഥാർത്ഥഭക്തി ... ... | 3 |
| ,, | 2. | ഭക്തിയുടെ അനുയോജ്യതയും ശ്രേഷ്ഠതയും... | 6 |
| ,, | 3. | ഭക്തി എല്ലാ ജീവിതപ്രവൃത്തികൾക്കും അനുയോജ്യമാണു് ... ... | 9 |
| ,, | 4. | ഭക്തജീവിതത്തിനു് ഒരു മാർഗ്ഗോപദേഷ്ടാവു് ആവശ്യമാകുന്നു ... ... | 11 |
| ,, | 5. | ആത്മാവിന്റെ ശുചീകരണമാണു് ഭക്തജീവിതത്തിന്റെ പ്രാരംഭം ... ... | 14 |
| ,, | 6. | ആത്മപവിത്രീകരണത്തിന്റെ അടിസ്ഥാനം ചാവുദോഷത്തിൽനിന്നുള്ള വിമോചനമാകുന്നു ... ... | 16 |
| ,, | 7. | ആത്മശുചീകരണത്തിനു് രണ്ടാമതു് ചെയ്യേണ്ടതു് പാപാസക്തിയെ ഹനിക്കുകയാകുന്നു ... ... | 17 |
| ,, | 8. | പാപാസക്തിയിൽനിന്നു് ആത്മാവിനെ വിമോചിക്കുന്നതിനുള്ള മാർഗ്ഗം ... | 19 |
| ,, | 9. | ധ്യാനം 1. സൃഷ്ടി ... ... | 20 |
| ,, | 10. | ധ്യാനം 2. മനുഷ്യന്റെ അവസാനം ... | 23 |
| ,, | 11. | ധ്യാനം 3. ദൈവദാനങ്ങൾ ... ... | 25 |
| ,, | 12. | ധ്യാനം 4. പാപം ... ... | 28 |
| ,, | 13. | ധ്യാനം 5. മരണം ... ... | 30 |
| ,, | 14. | ധ്യാനം 6. വിധി ... ... | 32 |



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

| അദ്ധ്യായം. | | | വശം. |
|---|---|---|---|
| ,, | 15. | ധ്യാനം 7. നരകം ... ... | 35 |
| ,, | 16. | ധ്യാനം 8. സ്വർഗ്ഗം ... ... | 36 |
| ,, | 17. | ധ്യാനം 9. സ്വർഗ്ഗസ്വീകരണം ... | 38 |
| ,, | 18. | ധ്യാനം 10. ഭക്തജീവിതസ്വീകരണം | 39 |
| ,, | 19. | മുഴുവൻകുമ്പസാരം കഴിക്കേണ്ടവിധം ... | 42 |
| ,, | 20. | ദൈവസേവനത്തിൽ സ്ഥിരമായി നില്ക്കുന്നതിനും അനുതാപത്തെ പരിപൂർണ്ണമാക്കുന്നതിനുമുള്ള പ്രതിജ്ഞ. ... | 43 |
| ,, | 21. | ആത്മപവിത്രീകരണത്തിന്റെ അവസാനഭാഗം ... ... | 45 |
| ,, | 22. | 'പാപദോഷ'ത്തിലേയ്ക്കുള്ള ചാച്ചിലിൽനിന്നു് ആത്മാവിനെ വിമോചിക്കണം ... | 46 |
| ,, | 23. | ഉപയോഗശൂന്യവും ഉപദ്രവകരവുമായ പ്രതിപത്തിയെ വർജ്ജിക്കണം ... | 48 |
| ,, | 24. | ദുർവാസനകളിൽനിന്നു് നമ്മുടെ ഹൃദയത്തെ വിമോചിക്കണം ... ... | 50 |


## രണ്ടാംഭാഗം

പ്രാർത്ഥനയും കൂദാശകളുംവഴി ആത്മാവിനെ ദൈവത്തിങ്കലേക്കു് ഉയർത്തുന്നതിനു് പര്യാപ്തമായ ഉപദേശങ്ങൾ


| | | | |
|---|---|---|---|
| ,, | 1. | പ്രാർത്ഥനയുടെ ആവശ്യം ... ... | 53 |
| ,, | 2. | ധ്യാനിക്കേണ്ട വിധം പ്രാരംഭത്തിന്റെ ഒന്നാം വകുപ്പു്—ദൈവസാന്നിദ്ധ്യം ... | 56 |
| ,, | 3. | പ്രാരംഭത്തിന്റെ രണ്ടാംവകുപ്പു്—ദൈവസഹായം അഭ്യർത്ഥിക്കുക ... ... | 59 |
| ,, | 4. | പ്രാരംഭത്തിന്റെ മൂന്നാം വകുപ്പു്—ധ്യാനവിഷയത്തെ ചിന്താപഥത്തിൽ ചിത്രിക്കുക ... ... | 60 |
| ,, | 5. | ധ്യാനത്തിന്റെ രണ്ടാംഭാഗം — പ്രായോഗികചിന്തകൾ ... ... | 61 |


www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



അദ്ധ്യായം. വശം.


,, 6. ധ്യാനത്തിൻെറ മൂന്നാംഭാഗം—സ്നേഹ പ്രകരണങ്ങളും പ്രതിജ്ഞയും ... ... 62

,, 7. ധ്യാനസമാപ്തി ... ... 63

,, 8. ധ്യാനത്തെസംബന്ധിച്ച മററുചില നിർദ്ദേശങ്ങൾ ... ... 64

,, 9. ധ്യാനസമയത്തുണ്ടാകാവുന്ന ഹൃദയ മാന്ദ്യം ... ... 66

,, 10. പ്രഭാതാനുഷ്ഠാനം ... ... 68

,, 11. സന്ധ്യാനുഷ്ഠാനവും ആത്മശോധനയും 70

,, 12. ആത്മീയമായ ഏകാന്തത ... ... 71

,, 13. ദൈവസ്നേഹപ്രകരണങ്ങൾ, സുകൃതജപങ്ങൾ, വിശുദ്ധവിചാരങ്ങൾ ... ... 74

,, 14. ദിവ്യപൂജയും, അതിൽ സംബന്ധിക്കേണ്ടവിധവും ... ... 80

,, 15. ദൈവാലയത്തിലേ മററു ദിവ്യകർമ്മങ്ങൾ ... ... 83

,, 16. വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥ്യം ... ... 84

,, 17. ദൈവവചനം ശ്രവിക്കയും പഠിക്കയും ചെയ്യേണ്ട വിധം ... ... 86

,, 18. ദിവ്യപ്രേരണകളെ എങ്ങനെ സ്വീകരിക്കണം? ... ... 87

,, 19. പാപസങ്കീർത്തനം ... ... 90

,, 20. കുടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം ... 94

,, 21. ദിവ്യകാരുണ്യം ഉൾക്കൊള്ളേണ്ടവിധം ... 98


## മൂന്നാംഭാഗം

### സുകൃതാഭ്യസനത്തിനുള്ള ചില നിയമങ്ങൾ


,, 1. പരിശീലിക്കേണ്ട സുകൃതങ്ങളുടെ തിരഞ്ഞെടുപ്പ് ... ... 103

,, 2. സുകൃതങ്ങളുടെ തിരഞ്ഞെടുപ്പ് (തുടർച്ച)... 108

,, 3. ക്ഷമ ... ... 113


www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

| അദ്ധ്യായം. | | | വശം |
|---|---|---|---|
| ,, | 4. | ബാഹ്യമായ വിനയം ... ... | 119 |
| ,, | 5. | ആന്തരികമായ എളിമ ... ... | 123 |
| ,, | 6. | നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന നിന്ദനങ്ങളെ സ്നേഹിക്കുന്നതിനു എളിമ നമ്മെ പ്രേരിപ്പിക്കുന്നു ... | 129 |
| ,, | 7. | വിനയാഭ്യാസത്തോടൊരുമിച്ചു എങ്ങനെ സൽകീർത്തിയും സംരക്ഷിക്കണം ... | 134 |
| ,, | 8. | ശാന്തതയും കോപത്തിൻെറ പ്രതിവിധികളും ... ... | 139 |
| ,, | 9. | നമ്മോടുതന്നെ പ്രദർശിപ്പിക്കേണ്ട പ്രശാന്തത ... ... | 144 |
| ,, | 10. | ഉൽകണ്ഠയോ ആകുലതയോ കൂടാതെ നമ്മുടെ കർത്തവ്യങ്ങൾ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കണം ... ... | 147 |
| ,, | 11. | അനുസരണം ... ... | 150 |
| ,, | 12. | ചാരിത്രത്തിൻെറ ആവശ്യം ... ... | 154 |
| ,, | 13. | ചാരിത്രം പാലിക്കുന്നതിനു സഹായകമായ ചില നിർദ്ദേശങ്ങൾ ... | 158 |
| ,, | 14. | സമ്പൽസമൃദ്ധിയിൽ അനുഷ്ഠിക്കേണ്ട മാനസികദാരിദ്ര്യം ... ... | 162 |
| ,, | 15. | സമ്പന്നൻ യഥാർത്ഥദാരിദ്ര്യം പരിശീലിക്കേണ്ടതു എങ്ങനെ? ... ... | 166 |
| ,, | 16. | യഥാർത്ഥമായ ദാരിദ്ര്യത്തിൽ ആത്മീയധനം സമ്പാദിക്കേണ്ടതെങ്ങനെ? ... | 171 |
| ,, | 17. | അശുദ്ധവും അനർത്ഥകവുമായ മൈത്രി | 173 |
| ,, | 18. | പ്രേമലീലാഭാസങ്ങൾ ... ... | 176 |
| ,, | 19. | യഥാർത്ഥമൈത്രി ... ... | 180 |
| ,, | 20. | യഥാർത്ഥമൈത്രിയും കപടമൈത്രിയും തമ്മിലുള്ള വ്യത്യാസം ... ... | 184 |
| ,, | 21. | അശുദ്ധമൈത്രിക്കുള്ള ചില പ്രതിവിധികൾ ... ... | 187 |
| ,, | 22. | മൈത്രിയെക്കുറിച്ചു കൂടുതൽ നിർദ്ദേശങ്ങൾ ... ... | 192 |


www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

| അദ്ധ്യായം. | | | വശം |
|---|---|---|---|
| ,, | 23. | ബാഹ്യമായ ഇന്ദ്രിയനിഗ്രഹം ... ... | 195 |
| ,, | 24. | സഹവാസവും ഏകാന്തവും ... ... | 203 |
| ,, | 25. | വസ്ത്രധാരണത്തിലുണ്ടായിരിക്കേണ്ട ഔചിത്യം ... ... | 207 |
| ,, | 26. | സംഭാഷണം വിശിഷ്യ, ദൈവിക കാൎയ്യങ്ങളെക്കുറിച്ചുള്ള സംഭാഷണം ... | 210 |
| ,, | 27. | നമ്മുടെ സംസാരത്തിൽ വേണ്ട വിനയവും പ്രദർശിപ്പിക്കേണ്ട ആദരവും ... ... | 211 |
| ,, | 28. | സാഹസികമായ വിധികൾ ... ... | 214 |
| ,, | 29. | പരദൂഷണം ... ... | 221 |
| ,, | 30. | സംഭാഷണത്തെക്കുറിച്ചു് കൂടുതൽ നിർദ്ദേശങ്ങൾ ... ... | 228 |
| ,, | 31. | വിഹിതങ്ങളായ വിനോദങ്ങൾ ... ... | 231 |
| ,, | 32. | നിഷിദ്ധങ്ങളായ കളികൾ ... ... | 233 |
| ,, | 33. | അനുവദനീയങ്ങളെങ്കിലും ആപൽകരങ്ങളായ ചില വിനോദങ്ങൾ ... ... | 234 |
| ,, | 34. | നാടകം, ആട്ടം മുതലായ വിനോദങ്ങൾ എപ്പോൾ അനുവദനീയങ്ങളാകും? ... ... | 237 |
| ,, | 35. | വലിയകാര്യങ്ങളിലെന്നപോലെ ചെറിയ കാര്യങ്ങളിലും നാം വിശ്വസ്തരായിരിക്കണം. ... ... | 238 |
| ,, | 36. | നീതിയും വിവേചനശക്തിയുമുള്ളമനസ്സ് നമുക്കുണ്ടായിരിക്കണം ... ... | 241 |
| ,, | 37. | മനുഷ്യന്റെ അഭിലാഷങ്ങൾ ... ... | 244 |
| ,, | 38. | വിവാഹിതൎക്കുള്ള ഉപദേശം ... ... | 247 |
| ,, | 39. | ദമ്പതികൾക്കായുള്ള ഉപദേശങ്ങൾ (തുടൎച്ച) ... | 255 |
| ,, | 40. | വിധവകൾക്കുള്ള ഉപദേശം ... ... | 259 |
| ,, | 41. | അവിവാഹിതകളോട് ഒരു വാക്ക് ... | 264 |

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

## നാലാംഭാഗം

### സാധാരണമായ പ്രലോഭനങ്ങളെ തടയുന്നതിനുള്ള ചില പ്രതിവിധികൾ


| അദ്ധ്യായം | | | വശം |
|---|---|---|---|
| ,, | 1. | ലോകം എന്തു പറയുമെന്നതിനെപ്പററി നമുക്കു് ഉൽകണ്ഠ ഉണ്ടാകേണ്ടതില്ല ... | 267 |
| ,, | 2. | നാം ധീരമനസ്സരായിരിക്കണമെന്നതിന്മേൽ ... ... | 270 |
| ,, | 3. | പ്രലോഭനങ്ങളുടെ സ്വഭാവം; അവ അനുഭവപ്പെടുക എന്നതും, അവയ്ക്കു് കീഴ്പ്പെടുക എന്നതും തമ്മിലുള്ള വ്യത്യാസം എന്നിവ സംബന്ധിച്ചു് ... | 273 |
| ,, | 4. | പ്രസ്തുത തത്വത്തിനു രണ്ടുദാഹരണങ്ങൾ | 276 |
| ,, | 5. | പരീക്ഷിക്കപ്പെടുന്ന ആത്മാവിനു് പ്രോത്സാഹനം ... ... | 279 |
| ,, | 6. | പരീക്ഷകളും വശീകരണങ്ങളും എപ്പോഴാണു് പാപകരമാകുക ... ... | 280 |
| ,, | 7. | ഗുരുതരങ്ങളായ പ്രലോഭനങ്ങൾക്കുള്ള പ്രതിവിധികൾ ... ... | 283 |
| ,, | 8. | ലഘുതരങ്ങളായ പ്രലോഭനങ്ങളേയും നാം എതിർക്കണം ... ... | 285 |
| ,, | 9. | ലഘുതരങ്ങളായ പ്രലോഭനങ്ങളെ എതിർക്കേണ്ടവിധം ... ... | 286 |
| ,, | 10. | പ്രലോഭനങ്ങളെ എതിർക്കുന്നതിനു് നമ്മുടെ ഹൃദയത്തെ ഒരുക്കേണ്ടവിധം ... | 287 |
| ,, | 11. | ഹൃദയാസ്വാസ്ഥ്യം ... ... | 289 |
| ,, | 12. | വ്യസനം ... ... | 293 |
| ,, | 13. | ആത്മീയവും ഐന്ദ്രികവുമായ ആശ്വാസങ്ങളും അവയെ അനുഭവിക്കേണ്ട വിധങ്ങളും ... ... | 296 |
| ,, | 14. | ആത്മീയമന്ദത ... ... | 305 |
| ,, | 15. | മേല്പറഞ്ഞവയെ സ്ഥിരീകരിക്കുന്നതിനു ഒരുദാഹരണം ... ... | 312 |



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# അഞ്ചാംഭാഗം

ആത്മനവീകരണത്തിനും ഭക്തിയിൽ സ്ഥിരത പ്രാപിക്കുന്നതിനുംവേണ്ട ഉപദേശങ്ങളും അഭ്യസനങ്ങളും.


| അദ്ധ്യായം. | | | വശം. |
|---|---|---|---|
| ,, | 1. | നമ്മുടെ പ്രതിജ്ഞകളേയും നിയോഗങ്ങളേയും വഷംതോറും നാം നവീകരിക്കണം ... ... | 319 |
| ,, | 2. | ദൈവശുശ്രൂഷയ്ക്കായി നമ്മെ വിളിച്ച ദിവ്യകാരുണ്യത്തേയും അതേത്തുടന്ന് നാം ചെയ്ത പ്രതിജ്ഞയേയുംകുറിച്ച് ചിന്തിക്കുക ... ... | 321 |
| ,, | 3. | ഭക്തജീവിതത്തിൻെറ അഭിവൃദ്ധിയെ കുറിച്ച് ആത്മശോധന ... ... | 324 |
| ,, | 4. | ദൈവത്തോടു നീ എങ്ങനെ വത്തിച്ചു എന്ന് പരിശോധിക്കുക ... ... | 326 |
| ,, | 5. | നിന്നോടുതന്നെ നീ എങ്ങനെ വത്തിക്കുന്നു എന്ന് നോക്കുക ... ... | 329 |
| ,, | 6. | നിൻെറ അയല്ക്കാരനോടു നീ എങ്ങനെ വത്തിക്കുന്നു എന്നു സൂക്ഷ്മനിരീക്ഷണം ചെയ്യുക ... ... | 330 |
| ,, | 7. | ആത്മാവിൻെറ അഭിലാഷങ്ങളെപ്പററിയുള്ള പരിശോധന ... ... | 331 |
| ,, | 8. | പ്രസ്തുത പരിശോധനയ്ക്കുശേഷം നമ്മിലുളവാക്കേണ്ട അഭിലാഷങ്ങൾ ... ... | 332 |
| ,, | 9. | നമ്മുടെ പ്രതിജ്ഞകൾ നവീകരിക്കുന്നതിനുതകുന്ന ചില ചിന്തകൾ ... ... | 333 |

**ഒന്നാമത്തെ ചിന്ത**

| | |
|---|---|
| ആത്മാവിൻെറ മാഹാത്മ്യം ... ... | 334 |

**രണ്ടാമത്തെ ചിന്ത**

| | |
|---|---|
| പുണ്യത്തിൻെറ മാഹാത്മ്യം ... ... | 335 |



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

അദ്ധ്യായം. വശം

**മൂന്നാമത്തെ ചിന്ത**
വിശുദ്ധന്മാരുടെ മാതൃക ... ... 336

**നാലാമത്തെ ചിന്ത**
മിശിഹായ്ക്കു നമ്മോടുള്ള സ്നേഹം ... ... 338

**അഞ്ചാമത്തെ ചിന്ത**
ദൈവത്തിന്റെ അനന്തസ്നേഹം ... ... 340

,, 10. ഈ ചിന്തകൾക്കുശേഷം ചെയ്യേണ്ട സ്നേഹപ്രകരണങ്ങൾ ... ... ... 341

,, 11. ഈ പരിശീലനത്തിനുശേഷം ഉണ്ടായിരിക്കേണ്ട വികാരങ്ങൾ ... ... 342

,, 12. അവസാനത്തെ മൂന്നു പ്രബോധനങ്ങൾ... 343

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# ഭക്തിമാർഗ്ഗപ്രവേശിക

## ഒന്നാംഭാഗം

ഭക്തജീവിതം നയിക്കണമെന്ന ആഗ്രഹം ഉണ്ടാകുന്നതുമുതൽ, അതാശ്ലേഷിക്കുവാൻ നിശ്ചയിക്കുന്നതുവരെ ആത്മാവിനെ നിയന്ത്രിക്കുന്നതിന് ഉപയുക്തങ്ങളായ ഉപദേശങ്ങളും അനുഷ്ഠാനങ്ങളും.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## അദ്ധ്യായം 1

### യഥാർത്ഥഭക്തി

പ്രിയ സഹോദരാ, ഭക്തി ദൈവത്തിനു് ഏററം ഇഷ്ടമുള്ള ഒരു സദ്ഗുണമാണെന്നു നിനക്കറിയാമല്ലോ. ഭക്തജീവിതം നയിക്കുന്നതിനാണല്ലോ നീ ആഗ്രഹിക്കുന്നതും. എന്നാൽ, ഏതെങ്കിലും ഒരുദ്യമത്തിന്റെ ആരംഭദശയിൽ നേരിടുന്ന ഏററം നിസ്സാരമായ ഒരു കുററംപോലും ക്രമേണ വദ്ധിച്ചു് അവസാനം മിക്കവാറും അപരിഹാര്യമായിത്തീരുന്നതുകൊണ്ടു്, ഭക്തി എന്താണെന്നുതന്നെ ആദ്യമായി മനസ്സിലാക്കണം. യഥാർത്ഥമായഭക്തി ഒന്നേയുള്ളു; കപടവും വ്യർത്ഥവുമായവ പലതുണ്ടു്. അവയെ തിരിച്ചറിയാത്തപക്ഷം കപടഭക്ത്യനുഷ്ഠാനങ്ങളാൽ നിന്റെ ആയുസ്സു് നിഷ്ഫലമായിത്തീന്നേക്കാം.

ഔറേലിയസ് എന്ന ചിത്രകാരൻ ലേഖനം ചെയ്തിരുന്ന ചിത്രങ്ങൾക്കെല്ലാം തന്റെ സ്നേഹഭാജനങ്ങളായ സ്ത്രീകളുടെ ഛായ നല്കിവന്നു. ഇപ്രകാരം ഓരോരുത്തനും തന്റെ അഭിരുചിക്കനുയോജ്യമായ വിധമാണു ഭക്തിയെ സങ്കല്പിക്കുന്നതു്. ഉപവാസത്തിൽ അതിതൽപരനായ ഒരാൾ, തന്റെ ഹൃദയമാലിന്യത്തെ വകവയ്ക്കാതെ, ഉപവസിക്കുന്നതുകൊണ്ടുമാത്രം ഭക്തനായി എന്നഭിമാനിക്കും. ഉപവാസഭംഗം ഭയന്നു ശുദ്ധജലംപോലും അയാൾ അധരങ്ങളോടു് അടുപ്പിക്കയില്ല; എന്നാൽ പരദൂഷണത്താലും അപവാദത്താലും ആ അധരങ്ങളെ മലീമസമാക്കുന്നതിൽ അവനു് ഒരു കുസലുമില്ല. വേറൊരാൾ ധാരാളം ജപങ്ങൾ ഉരുവിടുന്നതുകൊണ്ടു ഭക്തനായി എന്നു കരുതുന്നു. അടുത്ത നിമിഷം കോപാവിഷ്ടനായി, ആ നാവുകൊണ്ടുതന്നെ അന്യരുടെമേൽ ശകാരവഷം ചെയ്യുന്നതിനു് അയാൾ യാതൊരു സങ്കോചവും പ്രദർശിപ്പിക്കുന്നില്ല. മൂന്നാമതൊരുകൂട്ടർ പണപ്പെട്ടി തുറന്നു സസന്തോഷം ദാനംചെയ്യുമെങ്കിലും, ഹൃദയം തുറന്നു ശത്രുവിനോടു ക്ഷമിക്കുന്ന കാര്യത്തിൽ അനാസ്ഥ പ്രദർശിപ്പിക്കുന്നു. അപരനാകട്ടെ, ശത്രുക്കളോടു ക്ഷമിക്കും; പക്ഷേ,

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ത്തിൽ അവാച്യമായ പീഡകാ സഹിക്കേണ്ട അനന്തമായ സമയദൈർഘ്യത്തെപ്പററി എന്തു പറയട്ടെ! നിത്യനിരാശയും ദൈവദൂഷണവും അട്ടഹാസങ്ങളുമാണ് അതിൻെറ ഫലം.

സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും:—

സദാ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന നിത്യനരകാഗ്നിയിൽ കിടക്കുന്നതിന് ആക്കു സാധിക്കും? നിത്യമായി ദൈവത്തെ ഉപേക്ഷിച്ച് ഈ അഗ്നിയിൽ കിടന്നു പീഡയനുഭവിക്കുന്നതിന് ആരെങ്കിലും ആഗ്രഹിക്കുമോ?

പലപ്പോഴും പാപത്താൽ ഞാൻ അതിനർഹനായിട്ടുണ്ട്. മേലാൽ അതിൽനിന്ന് വ്യത്യസ്തമായി ജീവിച്ചുകൊള്ളാം. നരകശിക്ഷയ്ക്കു പാത്രമാക്കുന്ന (ഇന്നയിന്ന) പാപങ്ങാ ഒരിക്കലും ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു.

ഹൃദയവികാരങ്ങാക്കനുയുക്തമായ കൃതജ്ഞതാപ്രകടനവും മററും കഴിഞ്ഞു ധ്യാനം അവസാനിപ്പിക്കാം.

---

# അദ്ധ്യായം 16

## ധ്യാനം 8

### സ്വർഗ്ഗം

പ്രാരംഭം:— ദൈവസാന്നിദ്ധ്യസ്മരണയും ദൈവസഹായാഭ്യർത്ഥനയും.

ധ്യാനം:— 1) മനോജ്ഞവും പ്രശാന്തവുമായ ഒരു രാത്രി മനസിൽ ചിത്രിച്ചിട്ട് വിവിധങ്ങളായ നക്ഷത്രജാലങ്ങളോടു കൂടിയ ആകാശത്തെ ദർശിക്കുന്നത് എത്ര ആഹ്ളാദകരമാണെന്ന് ആലോചിക്കുക. സൂര്യൻെറ തേജസ്സ്, താരങ്ങളുടേയും താരാനാഥൻേറയും പ്രസാദത്തെ നശിപ്പിക്കാത്ത രീതിയിൽ, ഈ രാമണീയകത്തോട്, പ്രസന്നമായ ഒരു പകലിൻെറ കാന്തി കൂടി ചേക്കുക. തീർച്ചയായും ഈ സമ്മിളിതലാവണ്യമെല്ലാം സ്വർഗ്ഗത്തിൻെറ മൻപിൽ നിതാന്തനസ്സാരമായിട്ടേ ഇരിക്കൂ. ഓ! സ്വർഗ്ഗം എത്ര സുന്ദരം! എത്ര അഭികാമ്യം! എത്ര ഉൽകൃഷ്ടം!

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ധൈര്യസമേതം നമുക്ക് പുരോഗമിക്കാം. എൻെറ പുരോഗതിക്ക് വിഘ്നം വരുത്തുന്ന പാപങ്ങൾ ഉപേക്ഷിച്ചുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്യുന്നു.

(മുൻധ്യാനങ്ങൾപോലെ അവസാനിപ്പിച്ചുകൊള്ളുക)

## അദ്ധ്യായം 17

### ധ്യാനം 9

### സ്വർഗ്ഗസ്വീകരണം

പ്രാരംഭം:— 1) ദൈവസാന്നിദ്ധ്യം അനുസ്മരിക്കുക.

2) വിനയപൂർവ്വം അങ്ങേ സഹായം അപേക്ഷിക്കുക.

ധ്യാനം— വിസ്തൃതമായ ഒരു മൈതാനത്തിൽ നിൻെറ കാവൽമാലാഖയുമൊരുമിച്ചു നീ നില്ക്കുന്നതായും, കഴിഞ്ഞ ധ്യാനത്തിൽ പ്രസ്താവിച്ചതുപോലുള്ള മോക്ഷസൗഭാഗ്യത്തെ മാലാഖ കാണിച്ചുതരുന്നതായും സങ്കല്പിക്കുക. ഇപ്രകാരം, നരകവും അതിൻെറ സകല പീഡകളും നിൻെറ ആന്തരികനേത്രങ്ങൾക്കു വിഷയീഭവിപ്പിച്ചുകൊണ്ടു് ഈ ധ്യാനം കഴിക്കണം. സഹോദരാ, നരകത്തിനും മോക്ഷത്തിനും മദ്ധ്യേയാണു നീ സ്ഥിതി ചെയ്യുന്നതു്. ഹിതാനുസരണം അവയിലേതെങ്കിലും ഒന്നിനെ നിനക്കു തിരഞ്ഞെടുക്കാം. ഇപ്പോൾ തിരഞ്ഞെടുക്കുന്നതു പിന്നീടു് ഉപേക്ഷിക്കാൻ സാധിക്കയില്ല. യഥേഷ്ടം എന്തെങ്കിലും ഒന്നു തിരഞ്ഞെടുക്കാൻ നിനക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും നീ മോക്ഷപ്രാപ്തനാകണമെന്നത്രേ ദൈവഹിതം. സ്വർഗ്ഗസമ്പാദനത്തിനായി കാവൽമാലാഖാ നാനാവിധം നിന്നെ സഹായിക്കുന്നുണ്ടു്. സ്വർഗ്ഗത്തിൽനിന്നു യേശുനാഥൻ, ''വത്സാ, നിന്നോടുള്ള സ്നേഹാധിക്യത്താൽ സജ്ജമാക്കിയ നിത്യസമ്മാനം സ്വീകരിപ്പാൻ വന്നാലും'' എന്നു പറഞ്ഞു ദയാപുരസ്സരം നിന്നെ വിളിക്കുന്നു. പരിശുദ്ധ കന്യകാമറിയമാകട്ടെ, മാതൃസഹജമായ സ്നേഹത്തോടെ ''കുഞ്ഞേ, ധൈര്യമവലംബിക്കുക; എൻെറ സ്നേഹകുമാരനെ നിരാശപ്പെടുത്തുകയോ നിൻെറ നിത്യരക്ഷയെ ആകാംക്ഷിക്കുന്ന എൻെറ ഹൃദയത്തെ ക്ഷതപ്പെടുത്തു

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ദിവ്യപൂജയുടെ സമയത്തു ധ്യാനം നടത്തുന്നതിനാഗ്രഹിക്കുന്നെങ്കിൽ പ്രസ്തുത പ്രാൎത്ഥനകൾക്കുപകരം അതു നിൎവ്വഹിക്കുന്നതിനു വിരോധമില്ല. ആരാധ്യമായ ഈ ബലി ദൈവത്തിനു കാഴ്ചവസ്തുവാനുള്ള നിയോഗം നിൻെറ പ്രാൎത്ഥനയിലും ധ്യാനത്തിലും ഉണ്ടായിരിക്കണമെന്നേ ഉള്ളു. എന്തുകൊണ്ടെന്നാൽ, ഭക്തിയോടുകൂടിയ ധ്യാനത്തിൽ മേൽപ്പറഞ്ഞ സംഗതികളെല്ലാം പ്രത്യക്ഷമായും പരോക്ഷമായും അന്തർഭവിച്ചിട്ടുണ്ട്.

---

# അദ്ധ്യായം 15

## ദൈവാലയത്തിലേ മററു ദിവ്യകൎമ്മങ്ങൾ

ഞായറാഴ്ചകളിലും മററു കടമുള്ള ദിവസങ്ങളിലും ദിവ്യപൂജയിൽ മാത്രമല്ല, എല്ലാ ദിവ്യകൎമ്മങ്ങളിലും നാം പങ്കുകൊള്ളണം. ദൈവത്തിനു വിശേഷവിധിയായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ ദിവസങ്ങളിൽ വിവിധ ശുശ്രൂഷകൾകൊണ്ടു പ്രത്യേകവിധം അങ്ങയെ മഹത്വപ്പെടുത്തുക സമുചിതമാകുന്നു. തൻെറ മാനസാന്തരത്തിൻെറ ആരംഭദശയിൽ ദൈവാലയത്തിലേ സ്തോത്രഗീതം കേട്ടപ്പോൾ വി. ആഗുസ്തീനോസിൻെറ ഹൃദയം തകരുകയും നയനങ്ങളിൽനിന്നു പശ്ചാത്താപാശ്രുക്കൾ പ്രവഹിക്കയും ചെയ്യുകയുണ്ടായി. പരസ്യാരാധനയിൽ സംബന്ധിക്കുമ്പോൾ ഇതുപോലുള്ള അനുഭവങ്ങൾ നിനക്കും സിദ്ധിക്കും. തിരുസ്സഭയുടെ പൊതുപ്രാൎത്ഥന, വ്യക്തിപരമായതിനെക്കാൾ കൂടുതൽ ഫലപ്രദമത്രേ. തൻെറ നാമത്തിൽ ഒന്നിലധികംപേർ ഒരുമിച്ചുകൂടുന്നിടത്തു താൻ സന്നിഹിതനാകുമെന്നു ദിവ്യനാഥൻ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.

ഇടവകയിലേ ഭക്തസഖ്യങ്ങൾ വളരെ പ്രയോജനകരങ്ങളാകയാൽ അവയിൽ ചേരുന്നതു് അഭിലഷണീയംതന്നെ. സൽകൃത്യങ്ങൾക്കും സന്മാതൃകകൾക്കും കൂടുതൽ പ്രോത്സാഹനം നല്കുന്ന നിയമസംഹിതകളോടുകൂടിയ സഖ്യങ്ങളാണെങ്കിൽ അവ ഏററം ഗുണപ്രദങ്ങളത്രേ. താദൃശനിയമങ്ങളുടെ കൃത്യമായ അനുസരണം ദൈവത്തിനു കൂടുതൽ പ്രീതിജനകമാണ്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

പ്രസ്തുത സഖ്യനിബന്ധനകൾ അനുസരിക്കുന്നതിനു തിരുസ്സഭ നിർബന്ധിക്കുന്നില്ലെങ്കിലും അവയെ അഭിനന്ദിക്കയും, ദണ്ഡവിമോചനങ്ങൾ തുടങ്ങി ചില പ്രത്യേകാനുകൂല്യങ്ങൾ നല്കിക്കൊണ്ട് തദംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്; മാത്രമല്ല, മററുള്ളവരുടെ സൽകൃത്യങ്ങളിൽ സഹകരിക്കുന്നതു് ഒരു വലിയ സ്നേഹപ്രവൃത്തിയുമാണ്. ഒരാൾ തനിച്ചു ചെയ്യുന്ന പുണ്യപ്രവൃത്തികളെപ്പററി അയാൾക്കു കൂടുതൽ കൃതാർത്ഥതയും ഭക്തിയും തോന്നിയേക്കാമെങ്കിലും ദൈവമഹത്വത്തിനു കൂടുതൽ പ്രയോജകീഭവിക്കുന്നതു പലർകൂടി ചെയ്യുന്ന സൽപ്രവൃത്തിയാകുന്നു.

പരസ്യമായ പ്രാർത്ഥനകളേയും സൽപ്രവൃത്തികളേയും സംബന്ധിച്ചും ഞാൻ ഇതുതന്നെ പറയുന്നു. സന്മാതൃകമൂലം അയല്ക്കാർക്കുണ്ടാകാവുന്ന പ്രയോജനവും ദൈവമഹത്വവും പൊതുനന്മയും മുൻനിറുത്തിവേണം ഇവയെല്ലാം പ്രവർത്തിക്കുക.

# അദ്ധ്യായം 16

## വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥ്യം

ദൈവം പലപ്പോഴും ദിവ്യപ്രേരണകൾ നമുക്കു നല്കുന്നതു തൻെറ ദൂതന്മാർവഴിയാകയാൽ നമ്മുടെ ഉൽകൃഷ്ടാഗ്രഹങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കേണ്ടതും അതേ മാർഗ്ഗത്തിലൂടെയായിരിക്കണം. പറുദീസായിൽ പരിശുദ്ധ മാലാഖാമാരോടുകൂടെ വസിക്കുന്ന വിശുദ്ധാത്മാക്കളും നമുക്കു ദിവ്യപ്രേരണകൾ നല്കുകയും നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ ഈ വാനാരൂപികളോടും അനുഗ്രഹീതാത്മാക്കളോടും നാം ആന്തരികമായി സംയോജിക്കേണ്ടതത്രേ. കുയിലിൻെറ കുഞ്ഞുങ്ങൾ തള്ളപ്പക്ഷിയിൽനിന്നു പാടാൻ പഠിക്കുന്നു. അതുപോലെ, നമുക്കും യഥായോഗ്യം പ്രാർത്ഥിക്കുന്നതിനും ദൈവത്തെ ഉപരി മഹത്വപ്പെടുത്തുന്നതിനും ഈ പരിശുദ്ധരിൽനിന്നു പഠിക്കാം. ''ദൈവദൂതന്മാരുടെ മുൻപാകെ നിനക്കു ഞാൻ സ്തോത്രം പാടും'' എന്നാണു ദാവീദുദീർഘ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

മുഖത്തേയ്ക്ക് അപ്പഴപ്പോൾ തിരിഞ്ഞുനോക്കിക്കൊണ്ടുവേണം നിന്റെ ജീവിതയാത്രയെ നിർവഹിക്കുക. നേരെമറിച്ച്, രണ്ടു കരങ്ങളും ഉപയോഗിച്ചാൽ കൂടുതൽ വസ്തുക്കൾ സമ്പാദിക്കുവാൻ കഴിയുമെന്ന് വ്യാമോഹിച്ച്, ദൈവത്തിൽനിന്ന് നിന്റെ കൈ പിൻവലിക്കുന്നതു് മൗഢ്യമായിരിക്കും. എന്തുകൊണ്ടെന്നാൽ, ആ വത്സലപിതാവ് നിന്നെ സ്നേഹത്തോടെ പിടിച്ചുകൊണ്ട് നടക്കുന്നില്ലെങ്കിൽ ഉരുണ്ടുവീഴാനല്ലാതെ ഒരടിപോലും മുന്നോട്ട് വയ്ക്കുന്നതിന് നിനക്ക് സാധിക്കുന്നതല്ല. പ്രിയ സുഹൃത്തേ, ചിന്താദിശക്തികൾ അധികം ആവശ്യമില്ലാത്ത സുപ്രധാനകാര്യങ്ങളിൽ നീ നിരതനായിരിക്കുമ്പോൾ ആ ജോലികളെക്കുറിച്ചെന്നതിനേക്കാൾ ദൈവത്തെക്കുറിച്ച് നീ ധ്യാനിക്കണം എന്നതാണ് മേൽപ്രസ്താവിച്ചതിൽനിന്ന് ഞാൻ വിവക്ഷിക്കുക. യഥായോഗ്യം നിൎവ്വഹിക്കുവാൻ നിന്റെ പരിപൂൎണ്ണശ്രദ്ധ അനുപേക്ഷണീയമായ വൻകാര്യങ്ങളിൽ നീ വ്യാപൃതനായിരിക്കുമ്പോൾ നിന്റെ നയനങ്ങളെ ദൈവസന്നിധിയിലേക്ക് പലപ്പോഴും ഉയൎത്തണം. സ്വദേശത്തേക്ക് മടങ്ങുന്ന കപ്പൽക്കാർ തങ്ങളുടെ കണ്ണുകളെ മിക്കപ്പോഴും തിരിക്കുന്നതു് സമുദ്രത്തിലെ തിരമാലകളിലേയ്ക്കല്ല, പ്രത്യുത, ആകാശവീഥിയിലേക്കാണ്. ദൈവം സദാ നിന്നോടുകൂടേയും നിന്നിലും നിനക്കുവേണ്ടിയും വൎത്തിക്കട്ടെ; അപ്പോൾ നിന്റെ പ്രയത്നങ്ങളെല്ലാം ആശ്വാസദായകങ്ങളും ഫലപ്രദങ്ങളുമാകാതിരിക്കുകയില്ല.

## അദ്ധ്യായം 11

### അനുസരണം

ഉപവി നമ്മെ പരിപൂൎണ്ണരാക്കുന്നു. പരിപൂൎണ്ണാവസ്ഥയിലെത്തുന്നതിനുള്ള മൂന്ന് മാൎഗ്ഗങ്ങളാണ് അനുസരണം, ചാരിത്രശുദ്ധി, ദാരിദ്ര്യം, എന്നിവ. അനുസരണം നമ്മുടെ ഹൃദയത്തേയും, ശുദ്ധത നമ്മുടെ ശരീരത്തേയും, ദാരിദ്ര്യം നമ്മുടെ ഭൗതികസമ്പാദ്യങ്ങളേയും ദൈവസ്നേഹത്തിനും ദൈവസേവനത്തിനുമായി സമൎപ്പണം ചെയ്യുന്നു. വിനയമാകുന്ന അടിസ്ഥാ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

പ്രസ്തുത ഭക്തകൃത്യങ്ങൾ സുകൃതങ്ങളാകയാൽ പ്രകൃത്യാ അവയ്ക്കു യോഗ്യതകളുണ്ട്. ഇതിനുംപുറമേ, ആജ്ഞാനുസരണം നിർവ്വഹിക്കപ്പെടുന്നതുകൊണ്ട് അവമൂലം അനുസരണത്തിന്റെ അനുഗ്രഹങ്ങളും ലഭിക്കുന്നതാണ്. അനുസരണമുള്ളവർ അനുഗ്രഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ, യാഥാർത്ഥ്യത്തിൽനിന്ന് വ്യതിചലിക്കുവാൻ ദൈവം അവരെ അനുവദിക്കുകയില്ല.

# അദ്ധ്യായം 12

## ചാരിത്രത്തിന്റെ ആവശ്യം

പുണ്യപൂവാടിയിലെ സുരഭിലപുഷ്പമാകുന്നു ശുദ്ധത. ഇതു മനുഷ്യരെ മാലാഖമാരോടു സദൃശരാക്കുന്നു. നിർമ്മലമല്ലാത്ത യാതൊന്നും മനോഹരമല്ലല്ലോ. ചാരിത്രം മനുഷ്യരുടെ നിർമ്മലതയാണ്. അതിനെ മാന്യതയെന്നും അതുള്ളവരെ മാന്യരെന്നും അഭിവാദ്യം ചെയ്യാറുണ്ട്. ഇതിനു വിരുദ്ധമായ തിന്മയാണ് അശുദ്ധത. ആത്മശരീരങ്ങളുടെ ഒരുപോലെയുള്ള ശുഭ്രമനോഹരതയിലാണ് ചാരിത്രത്തിന്റെ ശ്രേഷ്ഠത അടങ്ങിയിരിക്കുക.

നിയമാനുസൃതമായ വൈവാഹികജീവിതത്തിലല്ലാതെ ജഡികസന്തോഷങ്ങളെ അനുഭവിക്കുവാൻ ആക്കും അനുവാദമില്ല. പ്രസ്തുത സന്തോഷത്തിന്റെ മാലിന്യത്തെ വിവാഹത്തിന്റെ പരിശുദ്ധി പരിഹരിക്കുന്നുണ്ട്. വിവാഹിതർ തന്നെയും ശാരീരികസന്തോഷങ്ങളനുഭവിക്കുന്നതു് എല്ലായ്പ്പോഴും ശുദ്ധനിയോഗത്തോടുകൂടെ ആയിരിക്കണം. പാപകർമ്മായ വിഷയാസക്തി എല്ലാവരും വർജ്ജിക്കേണ്ടതത്രേ.

ആകാശത്തുനിന്നു നിപതിക്കുന്ന ജലകണങ്ങളല്ലാതെ മററു യാതൊന്നും സ്വീകരിക്കാത്ത മുത്തുച്ചിപ്പിയോടു ചാരിത്രത്തെ ഉപമിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ദൈവസ്ഥാപിതമായ വിവാഹത്തിലെ വിഷയസുഖങ്ങൾമാത്രമേ മനുഷ്യഹൃദയത്തിനു സ്വീകരിക്കാൻ പാടുള്ളൂ. അശുദ്ധമായ ഒരു വിചാരം പോലും വച്ചുകൊണ്ടിരിക്കുക നിഷിദ്ധമാണ്. പ്രിയ സുഹൃത്തേ, എല്ലാത്തരത്തിലുമുള്ള വിഷയാഗ്രഹങ്ങളെ അവിവാഹി

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books,
Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi
Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org